# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1049

30.10.2019-ലെ മറുപടി

കവടിയാർ-പൈപ്പിൻമൂട് റോഡ് നവീകരണത്തിന് വാട്ടർ അതോറിറ്റി അനുമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം കവടിയാർ-പൈപ്പിൻ മൂട് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നും തുക അനുവദിച്ചിരുന്നെങ്കിലും റോഡ് ഇന്റർലോക്ക് ചെയ്ത് നവീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അനുമതി നൽകാത്തതിനുള്ള കാരണം വിശദമാക്കുമോ; | (എ) & (ബി) | കവടിയാർ പൈപ്പ് ലൈൻ റോഡ് കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള സ്ഥലമാണ്. ഈ സ്ഥലത്ത് നിലവിൽ തിരുവനന്തപുരം ശുദ്ധജല വിതരണ പദ്ധതിയുടെ 30 ഇഞ്ച് വ്യാസമുള്ളതും 1000 എം.എം വ്യാസമുള്ളതുമായ കാസ്റ്റ് അയൺ പൈപ്പുകൾ സ്ഥാപിച്ചിരിക്കുന്നു. 1930 കളിൽ സ്ഥാപിതമായതാണ് ഇവയിലെ ഒരു പ്രധാന പൈപ്പ്ലൈൻ. ഇവയുടെ വാൽവ് ചേമ്പറുകളും ഈ വസ്തുവിൽ നിലവിൽ ഉണ്ട്. ബഹു. എം.എൽ.എ ശ്രീ.കെ.മുരളീധരൻ അവർകളുടെ MLA-ADS-ൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ചിരിക്കുന്ന ടി വസ്തുവിൽ പി.ഡബ്ല്യു.ഡി തയ്യാറാക്കിയ ടാറിംങ് പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി അംഗീകരിക്കാത്തതിനാൽ ആ പ്രൊപ്പോസൽ ഒഴിവാക്കി പൈപ്പ് ലൈൻ റോഡ് ഇന്റർലോക്ക് ബ്ലോക്ക് പാകുവാനുള്ള 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും പ്രോജക്റ്റ് വാട്ടർ അതോറിറ്റി മുഖാന്തരം നടപ്പിലാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തതായി വിവരം ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് പി.ഡബ്ല്യു.ഡി യുടെ ടാറിങ്ങ് ജോലി നടത്തി നവീകരിക്കുവാനുള്ള അപേക്ഷ കേരള വാട്ടർ അതോറിറ്റിയുടെ 7/12/2011-ൽ കൂടിയ 347 -മത്തെ ബോർഡ് മീറ്റിംഗിന്റെ Item III (8)-ലെ തീരുമാന പ്രകാരം നിരസിക്കുകയുണ്ടായി. വാഹനങ്ങൾ കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകളുടെ മുകളിലൂടെ അനുവദിക്കുന്നത് ഈ |
| (ബി) | പൈപ്പ് ലൈൻ റോഡിൽ വാട്ടർ അതോറിറ്റിയുടെ തുടർ പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | | |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | പ്രധാന പൈപ്പ് ലൈനിനെ സാരമായി ബാധിക്കുവാൻ സാധ്യതയുള്ളതിനാലാണ് PWD-യുടെ ടാറിങ്ങിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി നിരസിച്ചത്. |
| (സി) | റെസിഡൻഷ്യൽ ഏരിയയായ ഈ ഭാഗത്തെ ജനങ്ങളുടെ വിഷമകരമായ യാത്രാ ദുരിതം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ | (സി) | തിരുവനന്തപുരം ശുദ്ധജല പദ്ധതിയുടെ കാലപ്പഴക്കം ചെന്ന പ്രധാന പൈപ്പ് ലൈൻ കടന്നു പോകുന്ന ടി റോഡിനു മുകളിലൂടെ വാഹനഗതാഗതം അനുവദിക്കുന്നത് പ്രധാന പൈപ്പ് ലൈനുകളെയും അവയുടെ യഥാസമയമുള്ള അറ്റകുറ്റപ്പണിയെയും ബാധിക്കുവാൻ സാധ്യതയുണ്ട്. ആയതിനാലാണ് പ്രസ്തുത പൈപ്പ് ലൈൻ റോഡിൽ, നിർമ്മാണ പ്രവൃത്തികൾക്കുള്ള അനുമതി കേരള വാട്ടർ അതോറിറ്റി നിരസിച്ചത്. |

**സെക്ഷൻ ഓഫീസർ**